**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് നിയമനം - **2015-16** വർഷം മുതൽ വ്യവസ്ഥാപിത റഗുലർ ഒഴിവുകളിൽ നിയമനാംഗീകാരത്തോടെ കുറഞ്ഞത് ഒരു വർഷം തുടർച്ചയായി സേവനത്തിൽ തുടർന്ന ശേഷം തസ്തിക നഷ്ടം സംഭവിച്ച് സംരക്ഷണാനുകൂല്യം ഇല്ലാതെ പുറത്തായ അധ്യാപകർ- പ്രായപരിധിയിൽ ഇളവ് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ജെഎ) വകുപ്പ്**

സ.ഉ.(കൈ) നം.**23/2026/GEDN** തീയതി,തിരുവനന്തപുരം, **09-02-2026**

---

പരാമർശം:- 1. 16/04/2005 ലെ ലെ സ.ഉ(അ) 121/2005/പൊ.വി.വ.
2. 06/02/2021 ലെ സ.ഉ(പി) 4/2021/പൊ.വി.വ.
3.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21.11.2025 ലെ ഡി.ജി.ഇ/9008/2025-H2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (**1**) സർക്കാർ ഉത്തരവ് പ്രകാരം കെ ഇ ആർ അദ്ധ്യായം **XIV** എ. ചട്ടം **51** എ യിൽ വരുത്തിയ ഭേദഗതി ചുവടെപ്പറയും പ്രകാരമാണ്.

**provided that a teacher who was relieved under rule 49 or rule 52 shall not be entitled to preference for appointment under this rule unless such teacher has a minimum continuous service of one academic year as on the date of relief.**

മേൽ ഭേദഗതിക്ക് മുൻപ് വരെ (അതായത് **16.04.2005** ന് മുൻപ് വരെ) **2** മാസത്തിൽ കൂടുതൽ ഉള്ള ഒഴിവുകളിലെ നിയമനങ്ങൾ ശമ്പള സ്കെയിലിലും ഇത്തരക്കാർക്ക് കെ.ഇ.ആർ അദ്ധ്യായം **XIV** എ. ചട്ടം **51**എ പ്രകാരമുള്ള പുനർ നിയമനാവകാശവും ലഭിച്ചിരുന്നു. ഭേദഗതിക്ക് ശേഷം ഏത് തീയതിയിൽ സർവീസിൽ പ്രവേശിച്ചവർ ആണെങ്കിലും ഒരു അക്കാദമിക് വർഷം അംഗീകൃത

സേവനം ഉണ്ടെങ്കിൽ മാത്രമേ റൂൾ 51എ അവകാശം ലഭിക്കുകയുള്ളൂ.

**2.** എന്നാൽ, പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 4(7) ൽ, ഭേദഗതിക്ക് മുൻപ് വരെ (അതായത് 16.04.2005 ന് മുൻപ് വരെ) 2 മാസത്തിൽ കൂടുതൽ ഉള്ള ഒഴിവുകളിൽ നിയമനം ലഭിച്ചവർക്ക് ചട്ടം 51 എ അവകാശം ലഭിക്കാത്ത സാഹചര്യത്തിൽ ഇപ്രകാരമുള്ളവരെ മാനേജർമാർ നിയമിക്കുകയാണെങ്കിൽ, അവർക്ക് ഉയർന്ന പ്രായ പരിധിയിൽ ഇളവു അനുവദിക്കുകയും ടി ഇളവ് 2019-20 നു ശേഷവും തുടരുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ 16.04.2005 നു മുൻപ് 2 മാസത്തിൽ കൂടുതൽ ഉള്ള ഒഴിവുകളിൽ നിയമനാംഗീകാരം ലഭിച്ചവർക്ക് പ്രായപരിധി സംബന്ധിച്ച ഇളവ് നിലവിൽ ലഭിക്കുന്നുണ്ട്.

**3.** 2014–15 വരെ റഗുലർ സർവീസിൽ പ്രവേശിച്ച അധ്യാപകർക്ക് നിലവിൽ സംരക്ഷണാനുകൂല്യം ലഭ്യമാണ്. എന്നാൽ 2015–16 മുതലുള്ള നിയമനങ്ങൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ല. 2015–16 ന് ശേഷം നിയമനം ലഭിച്ചവർ ഒരു പൂർണ അക്കാദമിക വർഷത്തെ സേവനം പൂർത്തിയാക്കുന്നതിന് മുമ്പ് തസ്തിക നഷ്ടം സംഭവിച്ച് പുറത്താകേണ്ടിവന്നാൽ, അവർക്ക് പ്രായപരിധി കഴിഞ്ഞുപോയാൽ ഭാവിയിൽ നിയമന സാധ്യത നിലവിൽ ഇല്ല. ആയതിനാൽ 2015-16 മുതൽ വ്യവസ്ഥാപിത റഗുലർ ഒഴിവുകളിൽ ഒരിക്കൽ നിശ്ചിത പ്രായപരിധിക്കകത്ത് ശമ്പള സ്കെയിലിൽ നിയമിക്കപ്പെട്ട് നിയമനാംഗീകാരത്തോടെ കുറഞ്ഞത് ഒരു വർഷം തുടർച്ചയായി സർവീസിൽ തുടരുകയും ചെയ്തതിനുശേഷം, ഒരു പൂർണ അക്കാദമിക വർഷത്തെ സേവനം ഇല്ലാതെ തസ്തിക നഷ്ടം സംഭവിച്ച് സംരക്ഷണാനുകൂല്യം ഇല്ലാതെ പുറത്താകേണ്ടതായി വരുമ്പോൾ, റൂൾ 51എ അവകാശം ഇല്ലെങ്കിലും പിന്നീട് ഉണ്ടാകുന്ന ഏതെങ്കിലും ഒഴിവിൽ അവർക്ക് മാനേജർ നിയമനം നൽകുന്നപക്ഷം ആയത് മറ്റ് വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ മാത്രം അവർക്ക് വയസ്സിളവ് നൽകി അംഗീകാരത്തിന് പരിഗണിക്കാവുന്നതാണ് എന്ന് പരാമർശം (3) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

4.പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2015-16 മുതൽ വ്യവസ്ഥാപിത റഗുലർ ഒഴിവുകളിൽ ഒരിക്കൽ നിശ്ചിത പ്രായപരിധിക്കകത്ത് ശമ്പള സ്കെയിലിൽ നിയമിക്കപ്പെട്ട്, നിയമനാംഗീകാരത്തോടെ കുറഞ്ഞത് ഒരു വർഷം തുടർച്ചയായി സർവീസിൽ തുടർന്നതിനുശേഷം, ഒരു പൂർണ അക്കാദമിക വർഷത്തെ സേവനം ഇല്ലാതെ തസ്തിക നഷ്ടം സംഭവിച്ച് സംരക്ഷണാനുകൂല്യം ഇല്ലാതെ പുറത്താകേണ്ടതായി വരുമ്പോൾ, റൂൾ 51എ അവകാശം ഇല്ലെങ്കിലും പിന്നീട് ഉണ്ടാകുന്ന ഏതെങ്കിലും ഒഴിവിൽ അവർക്ക് മാനേജർ നിയമനം

നൽകുന്നപക്ഷം ആയത് മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ, പ്രായപരിധി ബാധകമാക്കാതെ പരിഗണിക്കാവുന്നതാണെന്നും ഇതിനകം തീർപ്പാക്കിയ കേസുകൾ പരിഗണിക്കേണ്ടതില്ലെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ വാസുകി കെ ഐ എ എസ്

സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപഡയറക്ടർമാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

എസ്.സി.ഇ.ആർ.ടി ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) വിവര പൊതുജന സമ്പർക്ക വകുപ്പ്.

പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ഓഫീസർമാർക്കും.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
N K Sheena
Date: 09-02-2026 12:22:34

സെക്ഷൻ ഓഫീസർ